പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1220

04.12.2014 ൽ
മറുപടിക്ക്

## ചെറുതുരുത്തിയിൽ ആരംഭിച്ച തടയണ നിർമ്മാണം

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭാരതപ്പുഴയ്ക്ക് കുറുകെ ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച തടയണ നിർമ്മാണം മുടങ്ങിയിട്ട് എത്ര കാലമായെന്ന് പറയാമോ ; | (എ) | 2009 മുതൽ മുടങ്ങിയിരിക്കുകയാണ്. |
| (ബി) | ഈ തടയണയുടെ നിർമ്മാണം മുടങ്ങാനുള്ള കാരണങ്ങൾ പറയാമോ ; | (ബി) | കോൺട്രാക്റ്റിന്റെ കാലാവധി 19-05-2010 ൽ അവസാനിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സപ്ലിമെന്റ് എഗ്രിമെന്റ് സമർപ്പിക്കാൻ കോൺട്രാക്ടർ തയ്യാറായില്ല. തുടർന്ന് കോൺട്രാക്ടർ 27.05.2010 ൽ മരണമടഞ്ഞു. ടിയാന്റെ നോമിനി പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ചു. 12.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായി പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ ലഭ്യമാക്കുകയും 27-01-2014 ൽ ചേർന്ന യോഗതീരുമാനമനുസരിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ലഭ്യത യനുസരിച്ച് തടയണ നിർമ്മാണത്തി നാവശ്യമായ ഫണ്ടനുവദിച്ച് ഭരണാനുമതി പുതുക്കിനൽകാമെന്ന് ഉന്നതതല അവലോകന യോഗത്തിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ ഈ പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ചും പദ്ധതി നിർമ്മാണം ഒരു ഘട്ടം തുടങ്ങി വച്ച സാഹചര്യത്തിലും തൊട്ടടുത്ത അനുകൂല കാലാവസ്ഥ യിൽത്തന്നെ പണി പുനരാരംഭിക്കുന്ന വിധം ഫണ്ട് അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഇറിഗേഷൻ വകുപ്പിൽ നടപടി സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |